പത്രക്കുറിപ്പ്

# വധശ്രമ കേസിലെ പ്രതി അറസ്റ്റിൽ

# വിഴിഞ്ഞത്ത് അനധികൃതമായി വിദേശമദ്യകച്ചവടം നടത്തിയാൾ പിടിയിൽ

# വിഴിഞ്ഞത്ത് ബാഗുകൾ പിടിച്ചുപറിച്ച കേസിലെ പ്രതി അറസ്റ്റിൽ

## കോവിഡ്-19

# വിലക്ക് ലംഘനം : 222 പേർക്കെതിരെ നിയമ നടപടി 43,200/- രൂപ പിഴ ഈടാക്കി

## നേമത്തെ വധശ്രമ കേസിലെ പ്രതി അറസ്റ്റിൽ

തിരുവനന്തപുരം:- നേമം പോലീസ് സ്റ്റേഷൻ പരിധിയിൽ പള്ളിച്ചൽ, വില്ലാങ്കോട് ട്രാൻസ്ഫോർമർ ജംഗ്ഷനിൽ വച്ച് പള്ളിച്ചൽ, വില്ലാങ്കോട് ആയിരവല്ലി ക്ഷേത്രത്തിന് സമീപം കാർത്തിക ഭവനിൽ അനന്തുവിനെ കുത്തി കൊലപ്പെടുത്താൻ ശ്രമിച്ച കേസിലെ പ്രതി അറസ്റ്റിലായതായി ഐജിപിയും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. പള്ളിച്ചൽ വില്ലേജിൽ പാമാംകോട് എൽ.പി സ്ക്കുളിന് സമീപം കറുപ്പും മൂല പുത്തൻവീട്ടിൽ നിഥിൻ (20), നെയാണ് നേമം പോലീസ് അറസ്റ്റ് ചെയ്തത്. പ്രതി മദ്യപിച്ച് വാഹനം ഓടിച്ച് അപകടം വരുത്തിയത് അനന്തു ചോദ്യം ചെയ്തതാണ് പ്രതിക്ക്



നേമം പോലീസ് അറസ്റ്റ് ചെയ്ത നിഥിൻ (20)

വിരോധത്തിനുള്ള കാരണം. പിന്നീട് പ്രശ്നം ഒത്തുതീർപ്പാക്കാമെന്ന് പറഞ്ഞ് നിധിൻ രാത്രി പള്ളിച്ചൽ, വില്ലാങ്കോട് ട്രാൻസ്ഫോമർ ജംഗ്ഷനിലേക്ക് അനന്തുവിനെ വിളിച്ച് വരുത്തിയാണ് ശരീരത്തിൽ ഒളിപ്പിച്ചുവച്ച കത്തി ഉപയോഗിച്ച് കുത്തി കൊലപ്പെടുത്താൻ ശ്രമിച്ചത്. നെഞ്ചിൽ കുത്തേറ്റ് ഗുരുതരാവസ്ഥയിലായ അനന്തു ആശുപത്രിയിലാണ്. അറസ്റ്റ് ചെയ്ത പ്രതിയെ കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു. എസ്.എച്ച്.ഒ അനൂപ് കൃഷ്ണ, എസ്.ഐ ദീപു, പോലീസ് ഉദ്യോഗസ്ഥരായ വിമൽ, ഗിരി, ഉണ്ണികൃഷ്ണൻ എന്നിവരാണ് അന്വേഷണത്തിനും അറസ്റ്റിനും നേതൃത്വം നല്കിയത്.

## അനധികൃതമായി വിദേശമദ്യകച്ചവടം നടത്തിയാൾ പിടിയിൽ

തിരുവനന്തപുരം:- വിഴിഞ്ഞം പോലീസ് സ്റ്റേഷൻ പരിധിയിൽ അനധികൃതമായി വിദേശമദ്യകച്ചവടം നടത്തിവന്നയാൾ അറസ്റ്റിലായതായി ഐജിപിയും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. മുട്ടത്തറ വില്ലേജിൽ പൂന്തുറ മദർ തെരേസ നഗർ റ്റി.സി.75/194 ൽ താമസം സാജുമോൻ (32) നെയാണ് വിഴിഞ്ഞം പോലീസ് 9 ലിറ്റർ വിദേശ മദ്യവുമായി അറസ്റ്റ് ചെയ്തത്. പ്രതി വിഴിഞ്ഞം മുക്കോല ജംഗ്ഷനു സമീപം വച്ച് തന്റെ സ്കൂട്ടറിന്റെ സീറ്റിനടിയിൽ സൂക്ഷിച്ചിരുന്ന 9 ലിറ്റർ വിദേശമദ്യത്തിൽ നിന്നും ചില്ലറ വില്പന നടത്തുന്നതിനിടെ



വിഴിഞ്ഞം പോലീസ് അറസ്റ്റ് ചെയ്ത
സാജുമോൻ (32)

പോലീസ് പാർട്ടിയെ കണ്ട് ഓടി രക്ഷപ്പെടാൻ ശ്രമിക്കുന്നതിനിടെയാണ് വിഴിഞ്ഞം പോലീസ് അറസ്റ്റ് ചെയ്തത്. ബീവറേജസ് ഷോപ്പുകളിൽ നിന്നും വിദേശമദ്യം വാങ്ങിയശേഷം ആവശ്യക്കാർക്ക് തന്റെ സ്കൂട്ടറിൽ ഒളിപ്പിച്ച കൊണ്ട് പോയി വില്പന നടത്തുന്നതാണ് പതിവ്. അറസ്റ്റ് ചെയ്ത പ്രതിയെ കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു. എസ്.എച്ച്.ഒ പ്രവീൺ, എസ്.ഐ മാരായ സജി, ജയൻ, എ.എസ്.ഐ സാബു ചന്ദ്രൻ സി.പി.ഒ അജികുമാർ എന്നിവരാണ് അന്വേഷണത്തിനും അറസ്റ്റിനും നേതൃത്വം നല്കിയത്.

ബാഗുകൾ പിടിച്ചുപറിച്ച കേസിലെ പ്രതി അറസ്റ്റിൽ

തിരുവനന്തപുരം:- വിഴിഞ്ഞം പോലീസ് സ്റ്റേഷൻ പരിധിയിൽ വെങ്ങാനൂർ, മുട്ടയ്ക്കാട്, നെല്ലിവിള ഭാഗങ്ങളിൽ സ്ത്രീകളുടെ ബാഗുകൾ പിടിച്ചുപറിച്ച കേസുകളിലെ പ്രതി അറസ്റ്റിലായതായി ഐജിപിയും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. വിഴിഞ്ഞം ടൗൺഷിപ്പിൽ വടവച്ചാൽ ഹൗസ് നമ്പർ 418-ൽ സുധീർ (24) നെയാണ് വിഴിഞ്ഞം പോലീസ് അറസ്റ്റ് ചെയ്തത്.


വിഴിഞ്ഞം പോലീസ് അറസ്റ്റ് ചെയ്ത സുധീർ (24)

വെങ്ങാനൂർ, നെല്ലിവിള ക്ഷേത്രത്തിന് സമീപം സ്കൂട്ടറിൽ യാത്ര ചെയ്ത സ്ത്രീയെ ബൈക്കിലെത്തിയ പ്രതി ചവിട്ടിതള്ളിയിട്ടശേഷം ബാഗ് പിടിച്ച് പറിച്ചുകൊണ്ട് പോവുകയായിരുന്നു. കൂടാതെ മുട്ടയ്ക്കാട്, പനങ്ങോട് ശിവ ക്ഷേത്രത്തിന് സമീപം ബൈക്കിന്റെ പുറകിൽ യാത്ര ചെയ്യുകയായിരുന്ന സ്ത്രീയുടെ കൈവശമുണ്ടായിരുന്ന ബാഗ് പിടിച്ച്

പറിച്ചുകൊണ്ട് പോയ കേസും, വെങ്ങാനൂർ, കല്ലുവെട്ടാൻകുഴി പഴയ കെ.എസ്.ഇ.ബി ഓഫീസിന് സമീപം ബൈക്കിന്റെ പുറകിൽ യാത്ര ചെയ്യുകയായിരുന്ന സ്ത്രീയുടെ കൈവശമുണ്ടായിരുന്ന ബാഗ് പിടിച്ച് പറിച്ചുകൊണ്ട് പോയ കേസും ഇയാളാണ് ചെയ്തതെന്ന് പോലീസ് അന്വേഷണത്തിൽ തെളിഞ്ഞിട്ടുണ്ട്. അറസ്റ്റ് ചെയ്ത പ്രതിയെ കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു. എസ്.എച്ച്.ഒ പ്രവീൺ, എസ്.ഐ സജി, പോലീസ് ഉദ്യോഗസ്ഥരായ അജികുമാർ, സാജൻ, കൃഷ്ണകുമാർ എന്നിവരാണ് അന്വേഷണത്തിനും അറസ്റ്റിനും നേതൃത്വം നല്കിയത്.

കോവിഡ്-19 കേസ് വിവരം

നഗരത്തിലെ കോവിഡ് രോഗവ്യാപനത്തിന്റെ തീവ്രത കണക്കിലെടുത്ത് തിരുവനന്തപുരം സിറ്റി പോലീസ് ഇന്നലെ (06-10-2020) നടത്തിയ പരിശോധനയിൽ 222 പേർക്കെതിരെ ഇന്നലെ നിയമ നടപടി സ്വീകരിച്ചു. മാസ്ക് ധരിക്കാതെ പൊതുസ്ഥലങ്ങളിൽ കണ്ടെത്തിയ 208 പേർക്കെതിരെയും സാമൂഹ്യഅകലം പാലിക്കാതെ കാണപ്പെട്ട 8 പേർക്കെതിരെയും മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെ സർവ്വീസ് നടത്തിയ 6 വാഹനങ്ങൾക്കെതിരെയും ഇന്നലെ നടപടി സ്വീകരിച്ചു. വിവിധ വിലക്ക് ലംഘനങ്ങൾക്ക് പിടിയിലായവരിൽ നിന്നും 43,200/- രൂപയാണ് പിഴ ഇനത്തിൽ ഈടാക്കിയത്. അതോടൊപ്പം തലസ്ഥാനത്ത് ഇന്നലെ കോവിഡ് മാർഗ്ഗ നിർദേശങ്ങൾ പാലിക്കാത്ത 27 പേർക്കെതിരെ എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ്-2020 പ്രകാരവും കേസെടുത്തു.

കോവിഡ് രോഗവ്യാപനം ദിനംപ്രതി അതിരൂക്ഷമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ വ്യാപാര

സ്ഥാപനങ്ങളിൽ പോലീസ് കർശന പരിശോധന നടത്തുമെന്നും മനദണ്ഡങ്ങൾ പാലിക്കാതെ പ്രവർത്തിക്കുന്ന കടകൾ പൂട്ടിയ്ക്കുമെന്നും കമ്മീഷണർ അറിയിച്ചു. തലസ്ഥാനത്തെ കണ്ടയിൻമെന്റ് സോണുകളിൽ അതിർത്തികൾ അടച്ചുകൊണ്ടുള്ള പോലീസ് നിരീക്ഷണവും പരിശോധനയും രാത്രിയും പകലും ശക്തമായി തുടരും. സുരക്ഷാ ക്രമീകരണങ്ങളുടെ ഭാഗമായി പോലീസ് ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങളോട് പൊതുജനങ്ങൾ പൂർണ്ണമായും സഹകരിക്കണം. രോഗവ്യാപനം തടയുന്നതിനായി ജാഗ്രതാ നിർദേശങ്ങൾ എല്ലാപേരും പാലിക്കണമെന്നും, വിലക്ക് ലംഘനം നടത്തുന്നവർക്കെതിരെ വിട്ടുവീഴ്ചയില്ലാതെ നിയമ നടപടികൾ സ്വീകരിക്കുമെന്നും സിറ്റി പോലീസ് കമ്മീഷണർ അറിയിച്ചു.

തിരുവനന്തപുരം സിറ്റി

06-10-2020

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

06/10/2020

പബ്ലിക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം സിറ്റി